(എഫ്) ഈ നടപടികൾ മൂലം എത്രകണ്ട് കമ്മി കുറയ്ക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ)

വർഷം	ലക്ഷ്യമിട്ട വരുമാനം	യഥാർത്ഥ റവന്യൂ വരുമാനം
1996-97	6,465.25 രൂപ	6,145.08 കോടി രൂപ
1997-98	7,628.99 "	7,124.11 കോടി രൂപ
1998-99	8,174.62 "	7,260.59 കോടി രൂപ
1999-00	8,736.91 "	7,941.75 കോടി രൂപ
2000-01	10,170.35 "	അക്കൗണ്ടന്റ് ജനറലിൽ നിന്നും കണക്കുകൾ ലഭിച്ചിട്ടില്ല.

(ബി) ബഡ്ജറ്റ് വിഭാവനം ചെയ്ത തുക കണ്ടെത്താനാകുമെന്നാണ് കണക്കാക്കുന്നത്.

(സി&ഡി) അക്കൗണ്ടന്റ് ജനറലിൽ നിന്നും അവസാന കണക്കുകൾ ലഭ്യമായാൽ മാത്രമേ യഥാർത്ഥ റവന്യൂ കമ്മി അറിയാൻ കഴിയൂ.

(ഇ) നികുതി ഇനങ്ങളിൽ പിരിഞ്ഞുകിട്ടാനുള്ള തുക പരമാവധി പിരിച്ചെടുക്കാനായി സംസ്ഥാനത്തെ പല മേഖലകളായി തിരിച്ച് ഓരോ മേഖലയേയും ഓരോ സീനിയർ ഐ.എ.എസ് ആഫീസർമാരുടെ കീഴിലാക്കിയിട്ടുണ്ട്. കൂടാതെ നികുതി പിരിവിന്റെ പുരോഗതി സമയബന്ധിതമായി വിലയിരുത്താൻ ധനകാര്യ മന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും മേൽനോട്ടത്തിൽ റിവ്യൂ മീറ്റിംഗും നടത്താറുണ്ട്.

(എഫ്) അവസാന കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായാൽ മാത്രമേ കമ്മി എത്രകണ്ടു കുറഞ്ഞ് എന്ന് പറയാൻ കഴിയൂ.

ഡി. എ. നൽകുവാനുള്ള തുക

34 (T423) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര സർക്കാർ ഉദ്യോസ്ഥർക്ക് അനുവദിച്ച തോതിൽ കുടിശ്ശിക വന്നിട്ടുള്ള ഡി.എ. സംസ്ഥാന ജീവനക്കാർക്ക് നൽകുവാൻ എന്തു തുക വേണ്ടി വരും ?

ഉത്തരം

'T' മാറ്റി വയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സർക്കാർ ജീവനക്കാർക്ക് അനുവദിച്ച തോതിൽ കുടിശ്ശിക ഡി.എ. നൽകുവാനായി സംസ്ഥാന സർക്കാരിന് 372.6 കോടി രൂപ വേണ്ടി വരും

സാമ്പത്തിക പ്രതിസന്ധി

35 (425) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈയിടെയായി ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധിയില്ല. പക്ഷേ സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നുണ്ട്.

(ബി) ദേശീയതലത്തിൽ അനുഭവപ്പെടുന്ന സാമ്പത്തികമാന്ദ്യം സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന് പ്രധാന കാരണമാണ്. കൂടാതെ റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിവും നികുതി വരുമാനത്തിൽ ലക്ഷ്യമിട്ട തുക സമാഹരിക്കാനാവാത്തതും മറ്റൊരു പ്രധാന കാരണമാണ്.

സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി

36 (426) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എന്തെങ്കിലും സാമ്പത്തിക പ്രതിസന്ധി ഉണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) നടപ്പ് സാമ്പത്തികവർഷത്തിൽ സർക്കാർ ഏതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ മേഖലകളിൽ നിന്നോ പണം കടമായോ വായ്പയായോ എടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ എത്ര തുകയാണ് എടുത്തിട്ടുള്ളത് ;

(ഡി) സംസ്ഥാനത്തിന്റെ പൊതുകടം ഇപ്പോൾ എത്ര കോടി രൂപയാണ് ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തുക കടമായി എടുത്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly